# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# തൃശ്ശൂർ – 680020

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (പി 1)868/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/08/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനനതപുരം (ഇ-മെയിൽ)

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (ഇ-മെയിൽ)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (പി 1)868/2024 തീയ്യതി: 12/08/2024

# തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-06-2023 മുതൽ 11-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ

റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ (ജോയിന്റ് ഡയറക്ടർ -ഇൻചാർജ്) | 12-06-2024 | 19-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 12-06-2024 | 19-06-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സീനത്ത് പി. എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ കെ. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലളിത ബാലൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ജിനീഷ് കെ.സി | സെക്രട്ടറി | 01-04-2023 | 08-02-2024 |
| പണ്ടു സിന്ധു | സെക്രട്ടറി | 09-02-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രഹന എ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.രാജീവ് ആർ | സൂപ്രണ്ട്, സി.എച്ച്.സി | 01-04-2023 | 15-06-2023 |
| ഡോ.ശ്രീവത്സൻ കെ.കെ | സൂപ്രണ്ട്, സി.എച്ച്.സി | 16-06-2023 | 31-03-2024 |
| മിനി എസ് | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2023 | 31-03-2024 |
| സിനി എൻ.കെ | ശിശു വികസന ഓഫീസർ | 01-04-2023 | 14-05-2023 |
| ജയ റെജി എസ് | ശിശുവികസന ഓഫീസർ | 15-05-2023 | 31-03-2024 |
| പ്രദീപ് പി.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| സനിൽകുമാർ.എം.വി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| അമ്പിളി എൻ.എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 16-06-2023 |
| സെറിൻ പി ജോർജ്ജ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ (ഇൻചാർജ്) | 17-06-2023 | 20-09-2023 |

| | | | |
|---|---|---|---|
| അമ്പിളി എൻ.എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 21-09-2023 | 31-03-2024 |
| പ്രീത കെ.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 26-04-2023 |
| പ്രിയ പി.എസ് | പട്ടികജാതി വികസന ഓഫീസർ | 27-04-2023 | 21-05-2023 |
| ചൈത്ര പി.യു | പട്ടികജാതി വികസന ഓഫീസർ (ഇൻചാർജ്) | 22-05-2023 | 02-07-2023 |
| പ്രിയ പി.എസ് | പട്ടികജാതി വികസന ഓഫീസർ (ഇൻചാർജ്) | 03-07-2023 | 31-03-2024 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബ്ലോക്കിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | B-4 ഷെഡ്യുളിലെ 320100115 എന്ന ശീർഷകത്തിലെ ഇനം B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | Capital Work In Progress തെറ്റായി രേഖപ്പെടുത്തി | 1-1-6 |
| 8 | വാടക കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ഫണ്ട് വിനിയോഗം | 1-3 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-5 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-6 |

| | | |
|---|---|---|
| 14 | ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-7 |
| 15 | വാടക -അപാകങ്ങൾ | 1-8 |
| 16 | വാടക കുടിശ്ശിക -വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും ഈടാക്കേണ്ടതുമാണ് | 1-9 |
| 17 | ലേലം-തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-10 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ് | 1-12 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-13 |
| 21 | ഉപകരണങ്ങൾ ലഭ്യമായിട്ടില്ല-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-14 |
| 22 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-15 |
| 23 | വനിത ഗ്രൂപ്പ് സംരംഭകർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സബ്സിഡി ധനസഹായം | 1-16 |
| 24 | സ്നേഹ നഗർ കാരേകുളം കുടിവെള്ള പദ്ധതി-പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. | 1-17 |
| 25 | മാലിന്യ സംസ്കരണ പ്രൊജക്കുകൾ നടപ്പിലാക്കിയതിന്റെ വിവരം | 1-18 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 28.05.2024 ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.05.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ

ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോടുകൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 12.08.2024**

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## 1-1-1 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 787117 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2688068 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

2023-24 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള | 130100101- Rent From Building | 46394 | 1.4.2023 | 42300060 |

| | | | | | |
|---|---|---|---|---|---|
| | വാടക( കെട്ടിടങ്ങൾ) | | | | |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്. വരും വർഷത്തിൽ ചട്ടപ്രകാരം കൃത്യമായി ഡിമാന്റ് എൻട്രികൾ വരുത്തുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം 3/18.6.2024).

## <u>1-1-4 ബ്ലോക്കിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി</u>

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| 410300102- Roads Tarred | 10015297 |
| 410300101-Roads Cement Concrete | 891570 |
| 410300103-Roads Metal | 4276304 |
| 410400103-Drinking Water -Pipelines | 4855738 |
| 410400102-Drinking Water - Reservoirs | 188933 |
| 410500101-Irrigation-Sources | 190192 |
| 410500102-Distribution System(Pipe,Canal Etc) | 346516 |

| 410400101-Drinking Water Sources | 2470353 |
|---|---|

ഈ ആസ്തികളിന്മൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണോയെന്നും വ്യക്തമല്ല. ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നവയാണോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതി തീരുമാനത്തോടെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.3/18.6.2024). തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-1-5 B-4 ഷെഡ്യൂളിലെ 320100115 എന്ന ശീർഷകത്തിലെ ഇനം B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/24ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-4 | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-17 |
|---|---|---|
| | | |

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|---|---|---|
| 1 | 320100115 | Centrally Sponsored Scheme-Total Sanitation Campaign | 2367487 | 450220101 | IOB-MIS (Sanitation) | 2690934 |

അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-6 Capital Work In Progress തെറ്റായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/24 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2024 ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 406329 രൂപയാണ്. എന്നാൽ 31/3/2024 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2188136 രൂപയാണ്. അപാകത 2024-25 വർഷത്തിൽ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്.

## 1-1-7 വാടക കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല.

വാടക ഫയൽ പരിശോധനയിൽ വാടകയിനത്തിൽ 316342 രൂപ കുടിശ്ശികയുള്ളതായി കണ്ടു. ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (വിശദ വിവരങ്ങൾ 1-8, 1-9 ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്).

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 14.03.2023 ലെ തീരുമാനം നം.1 |

| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
|---|---|---|
| | 15,10,31227 | 147863320 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.03.2024 തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 46503288 | 40441238 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 15047000 | 15047000 | 13614754 | 1432246 |
| വികസന ഫണ്ട് –എസ്.സി.പി | 0 | 13261000 | 13261000 | 8880600 | 4380400 |
| മെയിന്റനൻസ്-റോഡിതരം | 0 | 5248000 | 5248000 | 4989638 | 258362 |
| സി.എഫ്.സി. ടൈഡ് ഗ്രാന്റ്(സഞ്ചിത നിധി) | 267961 | 0 | 267961 | 0 | 267961 |
| സി.എഫ്.സി. ടൈഡ് ഗ്രാന്റ് (ICICI ബാങ്ക്) | 1352847 | 1869000 | 3221847 | 3218098 | 3749 |

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് (സഞ്ചിത നിധി) | 1009 | 0 | 1009 | 0 | 1009 |
| സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് (ICICI ബാങ്ക്) | 1748544 | 2492000+ 84850 (പലിശ ) ആകെ 2576850 | 4325394 | 3449732 | 875662 |
| ഹെൽത്ത് ഗ്രാന്റ് | 0 | 2785039 | 2785039 | 218980 | 2566059 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 87 | 57055479 | 65 | 36899672 | 64.67 | 74.71 |

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 13.06.2024 ന് 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 37/10C, 37/10D, 37/10E എന്നീ 3 കടമുറികൾ വാടകയ്ക്ക് നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 8/1/2024 ലെ 5/1 നമ്പർ തീരുമാന പ്രകാരം ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4/18.6.2024) മറുപടി ലഭ്യമായില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കടമുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 വാടക -അപാകങ്ങൾ

1) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 3.11.2023 ലെ ഡി1454/2023 നമ്പർ കത്തിൽ ഷീകാൻ ഗാർമെന്റ്സ് (കെട്ടിടനം. 37/10E) ഉടമയായ ധന്യ സലീഷ് എന്നവരോട് 2023 ആഗസ്റ്റ് മുതൽ 2023 നവംബർ വരെയുള്ള വാടക കുടിശ്ശിക ആകെ 11051 രൂപ (വാടക-9151 രൂപ+ 1649(GST)+ 251(പലിശ)), ഇലക്ട്രിസിറ്റി ചാർജ് 1314 രൂപ എന്നിവ അടവാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം വാടക, ഇലക്ട്രിസിറ്റി ചാർജ് എന്നിവ ഓഫീസിൽ അടച്ച മുൻകൂർ തുക, കോഷൻ ഡെപ്പോസിറ്റ് എന്നിവയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.4/18.6.2024).അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും

ചട്ടപ്രകാരം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2)വാടക ഡിമാന്റ് രജിസ്റ്ററിൽ വാടക ഇനത്തിൽ ലഭിച്ചതിന്റേയും ലഭിക്കാനുള്ളതിന്റേയും വിവരങ്ങളും മുൻകൂറായി ലഭിച്ച വിവരങ്ങളും ഉൾപ്പെട്ട സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.3/18.6.2024).

## 1-9 വാടക കുടിശ്ശിക -വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും ഈടാക്കേണ്ടതുമാണ്

ഫയൽ നമ്പർ D-2559/2017

1) കാറളം മിനി വ്യവസായ കേന്ദ്രത്തിലെ 262, 263 നമ്പർ മുറികൾ ശ്രീ.പി.എം.റഷീദ്, പള്ളിപ്പറമ്പിൽ വീട് എന്നവരും കെ.കെ.മോഹനൻ, കാരയിൽ വീട് എന്നവരും 13.09.2002-ൽ കരാർ ഉടമ്പടി വെച്ച് വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. കാലാകാലങ്ങളിൽ വാടക നിരക്ക് വർദ്ധിപ്പിക്കാത്തതിനാൽ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശത്തെ തുടർന്ന് വാടക നിരക്ക് കണക്കാക്കുവാൻ ഇരിങ്ങാലക്കുട LSGD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. 16.12.2016-ലെ 4-ാം നമ്പർ തീരുമാന പ്രകാരം 262-ാം നമ്പർ മുറിയ്ക്ക് 03.10.2016 മുതൽ 02.09.17 വരെ 4367/- രൂപയും 263-ാം നമ്പർ മുറിയ്ക്ക് 03.09.16 മുതൽ 2926/- രൂപയും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിനെതിരെ ടി കക്ഷികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ മുമ്പാകെ OP 154/2017 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. 2017 ജനുവരി മുതൽ നാളിതുവരെ കുടിശ്ശിക അടച്ചിട്ടില്ല.

ബഹു. ഓംബുഡ്സ്മാന്റെ 12/5/2023 ലെ ഉത്തരവിൽ മേൽ സൂചിപ്പിച്ച മുറികളുടെ വാടക പുതുക്കി നിശ്ചയിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് താല്ക്കാലികമായി മരവിപ്പിക്കുന്നുവെന്നും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ വിഷയം അവതരിപ്പിച്ച് വാടക നിരക്ക് കൂട്ടുന്നതിനുള്ള സർക്കാർ മാനദണ്ഡങ്ങൾ പരിഗണിച്ച് പരാതിക്കാരന് ആക്ഷേപമുണ്ടെങ്കിൽ അതും പരിഗണിച്ച് വാടക നിരക്ക് പുതുക്കി നിശ്ചയിക്കാൻ

നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഭരണസമിതി തീരുമാനപ്രകാരം കോവിഡ് കാലത്തെ വാടക (2020 മാർച്ച് മുതൽ മെയ് വരെ) ഒഴിവാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റഷീദ് പി. എം., മോഹനൻ കെ. കെ. എന്നിവർക്കയച്ച 4.9.2023 ലെ നം.ഡി 2559/2017 കത്തിൽ കാറളം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 262, 263 എന്നീ മുറികളുടെ കോവിഡ് കാലത്തെ വാടക ഒഴിവാക്കി നൽകുന്നതിനും 2017 ജനുവരി മാസം മുതലുള്ള വാടക കുടിശ്ശിക 5 മാസ തവണകളായി അടയ്ക്കുന്നതിനുള്ള അനുവാദം നൽകുന്നതിനും ടി കാലയളവിലെ പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള അഭിപ്രായം തേടി, മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുമെന്നും യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാടക കുടിശ്ശിക (GSTഒഴികെ) എത്രയും പെട്ടെന്ന് അടവാക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാടക കുടിശ്ശികേ അടവാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല. വാടക കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം / ഉടമ | വാടക കുടിശ്ശിക (2024 മാർച്ച് വരെ, GSTഒഴികെ) | പലിശ | ആകെ |
|---|---|---|---|
| M R ഇൻഡസ്ട്രീസ് (റഷീദ് പി. എം) | 184110 | 33126 | 217236 |
| ഐശ്വര്യ ട്രേഡേഴ്സ് (മോഹനൻ കെ. കെ) | 123081 | 22146 | 145227 |

മേൽ സൂചിപ്പിച്ചവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയ വിവരം, ഇതു സംബന്ധിച്ച നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട്

നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

2)19.5.2023 ലെ തീരുമാനം നമ്പർ.2 പ്രകാരം MR സ്റ്റീൽ ഇൻഡസ്ട്രീസ്, ഐശ്വര്യ ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങളുടെ 2017 ജനുവരി മുതലുള്ള വാടക കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക 2023-24 വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (വാടക കുടിശ്ശിക-307191 രൂപ).

വാടക കുടിശ്ശിക കണക്കാക്കി വാർഷിക കണക്ക് പ്രകാരം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.10/18.6.2024).

## <u>1-10 ലേലം-തുടർനടപടികൾ അറിയിക്കേണ്ടതാണ്</u>

ലേലം ഫയൽ പരിശോധനയിൽ താഴെ പറയുന്ന ലേലങ്ങൾ നടന്നതായി കണ്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഓഫീസ് കെട്ടിടങ്ങൾക്കും പൊതുജനങ്ങൾക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിനായി ലേലവും പുനർലേലവും നടത്തിയിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ അടുത്ത നടപടിക്രമമായ ക്വട്ടേഷൻ വിളിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു (26/9/2023 ലെ 6/3 നമ്പർ തീരുമാനം). ലഭിച്ച ക്വട്ടേഷനുകൾ കുറഞ്ഞനിരക്കിൽ ആയതിനാൽ ഭരണസമിതി അംഗീകരിച്ചില്ലെന്നും വീണ്ടും ക്വട്ടേഷൻ വിളിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്.

2) ആനന്ദപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അപകടഭീഷണിയായി നിന്നിരുന്ന മരങ്ങളും മരത്തിന്റെ ശിഖരങ്ങളും (മഴമരം-3 എണ്ണം, പ്ലാവ്-2 എണ്ണം, തെങ്ങ്-1 എണ്ണം, വനം വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ പ്രകാരമുള്ള തുക-52984 രൂപ) മുറിച്ചു മാറ്റിയത്

നിയമാനുസൃത മാർഗങ്ങളിലൂടെ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹികാരോഗ്യ കേന്ദ്രം സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിരുന്നു (17/10/2023 ലെ 8/1നമ്പർ തീരുമാനം). 3 തവണ ലേലം നടത്തിയെങ്കിലും വളരെ കുറഞ്ഞ നിരക്കായതിനാൽ അംഗീകരിച്ചില്ലെന്നും ഇതുസംബന്ധിച്ച് മേൽ നിർദ്ദേശങ്ങൾക്കായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്.

3) കാട്ടൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിടങ്ങൾക്ക് ഭീഷണിയായി നിന്നിരുന്ന മരങ്ങൾ മുറിച്ചിട്ടത് ലേലം, പുനർലേലം എന്നിവ നടത്തുകയും എന്നാൽ ലേലത്തിൽ ആരും പങ്കെടുക്കാതിരിക്കുകയും ചെയ്തുവെന്നും തുടർനടപടികൾ സ്വീകരിക്കണമെന്നും 19.2.2024ലെ 138/23 നം കത്തിലൂടെ സൂപ്രണ്ട് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് (5/10/2023 ലെ 2/1നമ്പർ തീരുമാനം). (മഴമരം-4എണ്ണം, കലശ്-4എണ്ണം വട്ട- 1 എണ്ണം, വനം വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ പ്രകാരമുള്ള തുക-19809രൂപ). ലേലം നടത്തിയെങ്കിലും വളരെ കുറഞ്ഞ നിരക്കായതിനാൽ അംഗീകരിച്ചില്ലെന്നും ഇതുസംബന്ധിച്ച് മേൽ നിർദ്ദേശങ്ങൾക്കായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്.

4)ആനന്ദപുരം EMS ഹാൾ കെട്ടിടം പൊളിക്കൽ , കാട്ടൂർ സാമൂഹികാരോഗ്യ കേന്ദ്രം ചുറ്റുമതിൽ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുംവിധം അസി. എഞ്ചിനീയർ വാല്യുവേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലേലങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

A)ആനന്ദപുരം EMS ഹാൾ കെട്ടിടം പൊളിച്ചതിന്റെ അവശിഷ്ടങ്ങളിൻമേൽ അസി. എഞ്ചിനീയറുടെ വാല്യുവേഷൻ-13618 രൂപ

B)കാട്ടൂർ സാമൂഹികാരോഗ്യ കേന്ദ്രം ചുറ്റുമതിൽ നിർമാണവുമായി ബന്ധപ്പെട്ട മണ്ണ് മുതലായവയിന്മേൽ അസി. എഞ്ചിനീയറുടെ വാല്യുവേഷൻ-26205 രൂപ

A, B എന്നിവയിൽ സൂചിപ്പിച്ച ലേലങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. ലേലങ്ങൾ(ക്രമനമ്പർ 1 മുതൽ 4വരെ) സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്(ഓഡിറ്റ് അന്വേഷണം നം.2/18.6.2024).

## 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതിയിൽ 200000 രൂപ വീതം നൽകുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | SO76/24 (Spill Over) | |
|---|---|---|
| അടങ്കൽ | 306793 രൂപ (ഫണ്ട് – വികസന ഫണ്ട് (എസ്.സി) | |
| ചെലവ് | 306793 രൂപ | |
| | വൗച്ചർ നമ്പർ തീയതി | തുക |
| | 22300572/12.5.23- | 75000/- |
| | 22300646/9.11.23 | 75000/- |
| | 22300566/8.5.23 | 81793 |
| | 22300641/13.11.23 | 75000 |

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|---|
| 1 | SO 76/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി സ്പിൽ ഓവർ | ആദിശിവദേവി.എം.കെ മോങ്ങാടിപുരയ്ക്കൽ കാട്ടൂർ | 50000 | 12.12.2022 |
| | | | 75000 | 30.12.22 |

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതിയിൽ രണ്ടു ഗഡുക്കൾ കൈപ്പറ്റിയതിനു ശേഷം പഠനമുറി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പഠനമുറിയുടെ നിർമ്മാണം ഏതു ഘട്ടത്തിലായെന്നും, ആയത് പൂർത്തീകരിക്കാത്തതിന് സ്വീകരിച്ച നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (5/18.6.24) പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ഗുണഭോക്താവിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്</u>

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതിയിൽ 200000 രൂപ വീതം നൽകുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/24 |
| അടങ്കൽ | 3800000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 1273393/- |

| ക്രമനമ്പർ | ഗുണഭോക്താവ് | നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അശ്വതി. എം.വി മാടത്തും വീട്ടിൽ | 170000 | 18.05.2024 |
| 2 | അനന്തു .പി.ആർ വെള്ളാഞ്ചേരി കാട്ടൂർ | 170000 | 18.05.2024 |
| 3 | അമൃത. എൻ.ജെ നെടുംപുള്ളി ഹൗസ് പുല്ലത്തറ കാറളം | 170000 | 18.05.2024 |
| 4 | യദുകൃഷ് നടുവിലപ്പുര മുരിയാട് | 170000 | 18.05.2024 |

| | | | |
|---|---|---|---|
| 5 | അതുൽ ശിവരാമൻ കോട്ടുവളപ്പിൽ | 170000 | 18.05.2024 |
| 6 | അർജുൻ. കെ.എം കോശ്ശേരി | 170000 | 18.05.2024 |
| 7 | മാളവിക തോപ്പുവളപ്പിൽ കാറളം | 170000 | 18.05.2024 |
| 8 | അഭിഷേക്.എം.ആർ മേയ്ക്കാട്ട് കാറളം | 170000 | 18.05.2024 |
| 9 | തേജസ് തുണ്ടുപറമ്പിൽ താണിശ്ശേരി | 170000 | 18.05.2024 |
| 10 | ആര്യ.കെ.എസ് കൈപ്പോത്ത് കാട്ടൂർ | 170000 | 18.05.2024 |
| 11 | അഭിരാമി.സി.എസ്. ചേനത്ത് ആനന്ദപുരം | 170000 | 18.05.2024 |
| 12 | തന്മയ സുരേന്ദ്രൻ | 170000 | 18.05.2024 |

| | | | |
|---|---|---|---|
| | നന്തിക്കര ആനന്ദപുരം | | |
| 13 | ആഞ്ജനേയ്.എം.എ മച്ചിങ്ങൽ കാറളം | 170000 | 18.05.2024 |
| 14 | അശ്വതി .എ.ആർ അറക്കൽ അമ്പലനട | 170000 | 18.05.2024 |
| 15 | സാന്ദ്ര.വി.എസ് വടക്കുംകര ഹൗസ് ആനന്ദപുരം | 170000 | 18.05.2024 |

ഭവനനിർമ്മാണം പൂർത്തിയാക്കുന്നമുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/18.6.24).

## 1-13 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്കുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ട് | തുക | വൗച്ചർ നമ്പർ തീയതി | നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
